**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **10-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരിതബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ചൂരൽമല ഉരുൾപൊട്ടലിൽ ഉൾപ്പെട്ട ജനങ്ങൾക്ക് നാളിതുവരെ ദുരിതാശ്വാസ ധനസഹായമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; ഓരോന്നിനും ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടൽ ബാധിതരായവർക്ക് അനുവദിച്ച ധനസഹായം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വയനാട് ദുരിതബാധിതരെ സഹായിക്കുന്നതിനായി സർക്കാരിലേക്ക് നാളിതുവരെ വിവിധ വിഭാഗങ്ങളിൽ നിന്നായി സാമ്പത്തികമായും മറ്റ് മാർഗങ്ങളിലുമായി എത്ര സഹായങ്ങൾ വന്നു ചേർന്നിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് 04/10/2024 വരെയുള്ള കണക്ക് പ്രകാരം 513,50,36,051/- രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതിരോധ നിധിയുടെ Corporate Social Responsibility Fund-ൽ 3.5 കോടി രൂപ വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് സംഭാവനയായി ലഭിച്ചിട്ടുണ്ട്.<br><br>ചില വ്യക്തികളും, സംഘടനകളും ഭക്ഷണസാധനങ്ങൾ, ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള സഹായങ്ങൾ നല്കിയിട്ടുണ്ട്. |
| (സി) | വയനാട് ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും വീടും സ്ഥലവും ലഭ്യമാക്കുന്നതിനും സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വയനാട് മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. |
| (ഡി) | നിലവിൽ ദുരിതബാധിതർ ഈ പ്രദേശത്ത് നിന്നും ഒരുപാട് ദൂരേക്ക് മാറാൻ തയ്യാറല്ല എന്നതിനാൽ അവരെ ഏത് രീതിയിലാണ് പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | വയനാട് മേപ്പാടി പഞ്ചായത്തിലുണ്ടായ ഉരുൾപ്പൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുവാൻ തത്വത്തിൽ അംഗീകാരം നല്കുകയും, ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള വൈത്തിരി താലൂക്കിലെ, കോട്ടപ്പടി വില്ലേജിലെ ബ്ലോക്ക് നം. 28, സർവ്വേ നം. 366 ൽപ്പെട്ട നെടുമ്പാല എസ്റ്റേറ്റിലെ 65.41 ഹെക്ടർ ഭൂമിയും, വൈത്തിരി താലൂക്കിലെ കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് നം. 19, സർവ്വേ നം. 88/1 ൽ പ്പെട്ട എൽസ്റ്റോൺ എസ്റ്റേറ്റിലെ 78.73 ഹെക്ടർ ഭൂമിയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം possession ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ടമായി (Phase 1) പുനരധിവസിപ്പിക്കുന്നതിനും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ (No Go Zones) ഉൾപ്പെടുന്ന മറ്റ് കുടുംബങ്ങളെ രണ്ടാം ഘട്ടമായി (Phase II) പുനരധിവസിപ്പിക്കുന്നതിനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുനരധിവാസ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ (Phase I and Phase II) |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് അനുമതി നല്കിയിട്ടുണ്ട്. |
| (ഇ) | പുനരധിവാസത്തിനായി ടൗൺഷിപ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും ആയത് സംബന്ധിച്ച് ദുരിതബാധിതരുടെ അഭിപ്രായം സ്വീകരിച്ചിരുന്നോ എന്നും അറിയിക്കുമോ; | (ഇ) | ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ ഉയർന്നു വന്നിരുന്നു. ഈ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച്കൊണ്ടാണ് പുനരധിവാസത്തിനായി സ്ഥലം സർക്കാർ കണ്ടെത്തിയത്. പുനരധിവാസ പദ്ധതിയിൽ ദുരന്തബാധിതരുടെ ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും ഉള്ള പദ്ധതികളും കൂടി പരിഗണിച്ച് കൊണ്ടാണ് ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (എഫ്) | കൃഷി സ്ഥലങ്ങളും മറ്റ് ജീവനോപാധികളും എല്ലാം നഷ്ടപ്പെട്ട ദുരിത ബാധിതരായ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങൾ/സൗകര്യങ്ങൾ ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | ദുരന്ത ബാധിതരുമായി 23/08/2024 ൽ നടത്തിയ ചർച്ചയിൽ (Public Consultation) പുതിയതായി സ്ഥാപിക്കുന്ന വീടുകൾ സുരക്ഷിത സ്ഥലത്തായിരിക്കണമെന്നും, മുൻപ് താമസിച്ചിരുന്ന സ്ഥലത്തിന് അടുത്തായിരിക്കണമെന്നും, ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നവിധം ആകണമെന്നും ഉപജീവനത്തിന് അനുയോജ്യമാകണമെന്നും ഉള്ള ആവശ്യങ്ങൾ ഉയർന്നു വന്നിരുന്നു. ഈ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച്കൊണ്ടാണ് പുനരധിവാസത്തിനായി സ്ഥലം സർക്കാർ കണ്ടെത്തിയത്. പുനരധിവാസ പദ്ധതിയിൽ ദുരന്തബാധിതരുടെ ജീവനോപാധി കണ്ടെത്തുന്നതിനും ജീവിതം കരുപ്പിടിപ്പിക്കുന്നതിനും ഉള്ള പദ്ധതികളും കൂടി പരിഗണിച്ച് കൊണ്ടാണ് ടൗൺഷിപ്പ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ഇനം | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച തുക | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ച തുക | പ്രധാന മന്ത്രിയുടെ നാഷണൽ റിലീഫ് ഫണ്ടിൽ നിന്ന് അനുവദിച്ച തുക | ആകെ അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | അടിയന്തിര ധനസഹായം (1031) കുടുംബങ്ങൾക്ക് | 51,55,000 | 51,55,000 | | 1,03,10,000 |
| 2 | ജീവനോപാധി നഷ്ടപ്പെട്ട വർക്കുള്ള ധനസഹായം (ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് അനുവദിക്കുന്നു. ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള /കിടപ്പുരോഗികൾ ഉള്ള കുടുംബങ്ങളിൽ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് CMDRF ൽ നിന്നും അനുവദിക്കുന്നു. ) | 1,91,14,000 (2125 പേർക്ക് അനുവദിച്ച തുക) | 2,97,000 (33 പേർക്ക് അനുവദിച്ച തുക) | | 1,94,11,000 |
| 3. | മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനുവദിച്ച ധനസഹായം(148 പേർക്ക്) | 5,92,00,000 | 2,85,30,000 | | 8,77,30,000 |

| | | | | | |
|---|---|---|---|---|---|
| 4. | പരിക്കേറ്റവർക്കുള്ള ചികിത്സ ധനസഹായം (5400/- രൂപ വീതം 8 പേർക്ക്)(ഒരാഴ്ചയിൽ താഴെ ആശുപത്രിവാസം വേണ്ടി വന്ന കേസുകളിൽ | 43,200 | | | 43,200 |
| 5 | പരിക്കേറ്റവർക്കുള്ള ചികിത്സ ധനസഹായം (16000/- രൂപ വീതം 26 പേർക്ക്) (ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിവാസം വേണ്ടി വന്ന കേസുകളിൽ | 4,16,000 | | | 4,16,000 |
| 6 | ഗുരുതരപരിക്കേറ്റവർക്ക് ചികിത്സാ സഹായം (34 പേർക്ക്) | | 17,00,000 | | 17,00,000 |
| 7 | ശവസംസ്കാരത്തിനുള്ള ധനസഹായം (173 പേർക്ക്) | | 17,30,000 | | 17,30,000 |
| 8 | ദുരിതബാധിതർക്കുള്ള വാടക(ആഗസ്റ്റ് മാസം)(813 കുടുംബങ്ങൾക്ക്) | | 28,57,800 | | 28,57,800 |
| 9 | ദുരിതബാധിതർക്കുള്ള വാടക (സെപ്റ്റംബർ മാസം)(791 കുടുംബങ്ങൾക്ക്) | | 46,96,200 | | 46,96,200 |
| 10 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് PMNRF ൽ നിന്നും ഉള്ള ധനസഹായം (148 പേർക്ക്) | | | 2,96,00,000 | 2,96,00,000 |
| 11 | ഗുരുതരമായി പരിക്കേറ്റവർക്ക് PMNRF ൽ നിന്നുള്ള ധനസഹായം | | | 17,00,000 | 17,00,000 |
| | | 8,39,28,200 | 4,49,66,000 | 3,13,00,000 | 16,01,94,200 |